## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4097** **28-06-2024 - ൽ മറുപടിയ്ക്ക്**

## ബ്ലീച്ചിങ് പൗഡർ ടെൻഡർ നടപടികളിലൂടെയല്ലാതെ വാങ്ങിയ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡിൽ (കെ.എം.എസ്.സി.എൽ.) 2024 ൽ ബ്ലീച്ചിംഗ് പൗഡർ ടെൻഡർ നടപടികൾ മുഖേന അല്ലാതെ വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കാമോ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ 2024-25 സാമ്പത്തിക വർഷം ടെണ്ടർ മുഖേന ബ്ലീച്ചിംഗ് പൗഡർ വാങ്ങുന്നതിനായുള്ള നടപടികൾ നടന്നുവരുന്നു.<br><br>താൽക്കാലികമായി കാരുണ്യ വിഭാഗം മുഖേന ബ്ലീച്ചിംഗ് പൗഡർ വാങ്ങാൻ കാരണം 2023 -ൽ കൊല്ലം (ഉളിയക്കോവിൽ), തിരുവനന്തപുരം (കിൻഫ്ര), ആലപ്പുഴ എന്നീ ജില്ലാ മരുന്നു സംഭരണശാലകളിൽ ബ്ലീച്ചിങ് പൗഡർ സൂക്ഷിച്ച ഭാഗങ്ങളിൽ നിന്നാണ് തീപടർന്നതെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലീച്ചിങ് പൗഡറിന്റെ സംഭരണ വിതരണത്തിൽ അതീവശ്രദ്ധ ചെലുത്തേണ്ടതായി വന്നു. ആയതിനാൽ മുൻ വർഷങ്ങളിലെപ്പോലെ മരുന്നൊഴികെയുള്ള മറ്റു അനുബന്ധ സാമഗ്രികൾക്കായി ക്ഷണിക്കുന്ന വിഭാഗത്തിൽ ബ്ലീച്ചിങ് പൗഡർ ഉൾപ്പെടുത്തി ദർഘാസ് നടപടികളുമായി മുന്നോട്ടു പോകുവാൻ കോർപ്പറേഷന് സാധിക്കുമായിരുന്നില്ല. മാത്രമല്ല, പ്രസ്തുത ഇനം സംഭരിക്കുന്നതിനായി ദർഘാസ് വ്യവസ്ഥകളും നിബന്ധനകളും പുതുക്കേണ്ടതായുണ്ട്. വലിയ അളവിൽ ബ്ലീച്ചിംഗ് പൗഡർ സൂക്ഷിക്കുന്നത് ഇത്തരം തീപിടുത്തങ്ങൾക്ക് ഇടയാകാം എന്ന നിഗമനത്തെ തുടർന്ന്, ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും ബ്ലീച്ചിംഗ് പൗഡർ മൊത്തമായി സൂക്ഷിക്കുന്നത് ഒഴിവാക്കുന്നതിനും, ഇ-ടെൻഡർ ക്ഷണിച്ച് റണ്ണിംഗ് കോൺട്രാക്റ്റ് ഫിക്സ് ചെയ്യുന്നതിനും കോർപ്പറേഷൻ തീരുമാനിച്ചു. ബ്ലീച്ചിങ് പൗഡറിന്റെ ദർഘാസ് വ്യവസ്ഥകളും നിബന്ധനകളും പുതുക്കി ദർഘാസ് നടപടികൾ പൂർത്തീകരിക്കാൻ സമയമെടുക്കുമെന്നതിനാലും 2023-24 സാമ്പത്തിക വർഷം ബ്ലീച്ചിങ് പൗഡറിന് ദർഘാസ് ക്ഷണിച്ചെങ്കിലും യോഗ്യരായ വിതരണക്കാരെ |

| | | | |
|---|---|---|---|
| | | | ലഭിച്ചിരുന്നില്ല എന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിലും, മേയ് മാസത്തിലുണ്ടായ ശക്തമായ മഴ മുന്നറിയിപ്പ് കണക്കിലെടുത്തും, സംസ്ഥാനത്തുടനീളം പൊട്ടിപ്പുറപ്പെട്ട പകർച്ചവ്യാധികൾ തടയുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്തും നടപ്പ് സാമ്പത്തിക വർഷത്തെ (2024-25) ഇൻഡന്റിന്റെ 40% ബ്ലീച്ചിംഗ് പൌഡർ ബദൽ മാർഗ്ഗങ്ങളിലൂടെ സംഭരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ചാണ് കാരുണ്യ വിഭാഗം മുഖേന സംസ്ഥാന പൊതുമേഖല സ്ഥാപനമായ കെ.എസ്.ഡി.പി.എൽ-ൽ നിന്നും സംഭരിച്ച് വിതരണം ചെയ്തത്. കോർപ്പറേഷന്റെ ആരംഭകാലമായ 2008 മുതൽ ദർഘാസ് നടപടികൾ കൂടാതെ കെ.എസ്.ഡി.പി.യിൽ നിന്നും നേരിട്ട് മരുന്നുകൾ വാങ്ങിവരുന്നുണ്ട്. |
| (ബി) | സ്റ്റോർ പർച്ചെയ്സ് മാനുവൽ പ്രകാരം ടെൻഡർ നടപടികളിലൂടെ മാത്രമേ സാമഗ്രികൾ വാങ്ങാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നില്ലേയെന്ന് വ്യക്തമാക്കുമോ; | (ബി) | കോർപ്പറേഷന്റെ അവശ്യമരുന്ന് വിഭാഗം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ദർഘാസ് നടപടിക്രമങ്ങളിലൂടെയാണ് ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെയുള്ള സാധന സാമഗ്രികളും, മരുന്നുകളും വാങ്ങിവരുന്നത്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തേയ്ക്ക് ആവശ്യമായ ബ്ലീച്ചിംഗ് പൗഡർ അടിയന്തിരമായി ലഭ്യമാക്കേണ്ടിയിരുന്നതിനാലാണ് സംസ്ഥാന പൊതുമേഖല സ്ഥാപനമായ കെ.എസ്.ഡി.പി.എൽ. മുഖേന ബ്ലീച്ചിംഗ് പൗഡറിന്റെ വാർഷിക ഇൻഡന്റിന്റെ 40% വാങ്ങിയത്. കോർപ്പറേഷൻ ആരംഭിച്ച 2008 മുതൽ കെ.എസ്.ഡി.പി.യിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ടു മരുന്നുകൾ വാങ്ങിവരുന്നുണ്ട്. |
| (സി) | എങ്കിൽ ടെൻഡർ നടപടികളിലൂടെയല്ലാതെ ബ്ലീച്ചിംഗ് പൗഡർ വാങ്ങിയത് സ്റ്റോർ പർച്ചെയ്സ് മാന്വലിന്റെ ലംഘനമല്ലേയെന്ന് അറിയിക്കാമോ? | (സി) | കോർപ്പറേഷൻ സ്റ്റോർ പർച്ചേസ് മാന്വലിന്റെ ലംഘനം നടത്തിയിട്ടില്ല. ബ്ലീച്ചിങ് പൗഡറിന്റെ ദർഘാസ് വ്യവസ്ഥകളും നിബന്ധനകളും പുതുക്കി ദർഘാസ് നടപടികൾ പൂർത്തീകരിക്കാൻ സമയമെടുക്കുമെന്നതിനാലും 2023-24 സാമ്പത്തിക വർഷം ബ്ലീച്ചിങ് പൗഡറിന് ദർഘാസ് ക്ഷണിച്ചെങ്കിലും യോഗ്യരായ വിതരണക്കാരെ ലഭിച്ചിരുന്നില്ല എന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിലും, മേയ് മാസത്തിലുണ്ടായ ശക്തമായ മഴ മുന്നറിയിപ്പ് കണക്കിലെടുത്തും, സംസ്ഥാനത്തുടനീളം പൊട്ടിപ്പുറപ്പെട്ട പകർച്ചവ്യാധികൾ തടയുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്തും ബ്ലീച്ചിംഗ് പൗഡർ അടിയന്തിരമായി ലഭ്യമാക്കേണ്ടിയിരുന്നതിനാലാണ് 2024-25 സാമ്പത്തിക വർഷത്തെ ആദ്യപാദത്തേയ്ക്ക് ആവശ്യമായ അളവ് (2024-25 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തെ ബ്ലീച്ചിംഗ് പൗഡറിന്റെ വാർഷിക ഇൻഡന്റിന്റെ 40%) സർക്കാർ പൊതുമേഖല സ്ഥാപനമായ കെ.എസ്.ഡി.പി.യിൽ നിന്നും കോർപ്പറേഷന്റെ കാരുണ്യ വിഭാഗം മുഖേന സംഭരിച്ചത്. |

സെക്ഷൻ ഓഫീസർ